# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1064**

**12.07.2016 - ൽ**
**മറുപടിക്ക്**

**പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഒഴിവുകൾ നികത്താനുള്ള നടപടികൾ**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്താത്തുമൂലം ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ? | എ) കേരള കാർഷിക സർവ്വകലാശാലയുടെ 03/03/2016 തിയ്യതിയിലെ ജിഎ/കെ1/34376/2012-ാം നമ്പർ വിജ്ഞാപന പ്രകാരം അഗ്രിക്കൾച്ചർ, അഗ്രി. എഞ്ചിനീയറിംഗ്, ഫോറസ്ട്രി എന്നീ ഫാക്കൽട്ടികളിലെ വിവിധ ഡിസിപ്ലിനുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. WP © നം.10896/2016 പ്രകാരം ബഹു. ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച് ശ്രീ. പ്രസാദ്.വി.ആർ. നൽകിയ കേസിൽ സ്റ്റേ ഉള്ളതിനാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ തടസ്സമുണ്ട്. ഈ കേസിൽ ഒരു അന്തിമ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലേതടക്കമുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് സർവ്വകലാശാല നടപടികൾ സ്വീകരിക്കുന്നതാണ്.<br>കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തി. അസിസ്റ്റന്റ് സാദ്ധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. നിയമനം നടത്തുമ്പോൾ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഒഴിവുകൾ നികത്തുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും ദിവസ വേതനാടിസ്ഥാനത്തിലും താൽക്കാലിക ജീവനക്കാരെ നിയമിച്ച് പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ